LIBRARY ARCHIVES Kerala Legislative Assembly

**ബഡ്ജറ്റിൽ തുക വകയിരുത്തിയ പ്രവൃത്തികൾ**

70(79) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ 2016 മുതൽ 2021 വരെയുള്ള കാലഘട്ടത്തിൽ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയ എത്ര പ്രവൃത്തികൾ ഉണ്ട്; വർഷം തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

&

(ഡി) 100 ശ്രുപ ടോക്കൺ പ്രൊവിഷൻ നൽകിയ പ്രവൃത്തികളിൽ എത്ര എണ്ണത്തിന് പ്രസ്തുത കാലയളവിൽ ഭരണാനുമതി നല്കിയിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്ക് നൽകാമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**ചാലക്കുടി നിയോജകമണ്ഡലത്തിലെ പദ്ധതികൾ**

71(80) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നിയോജകമണ്ഡലത്തിൽ 2016-17, 2017-18, 2018-19, 2019-20, 2020-21, 2021-22 വർഷങ്ങളിലെ ബഡ്ജറ്റിൽ ഏതൊക്കെ പ്രവൃത്തികൾക്ക് തുക വകയിരുത്തിയിട്ടുണ്ടെന്നും തുക എത്രയെന്നും വെളിപ്പെടുത്തുമോ;

(ബി) ഇവയിൽ ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ;

&

(ഡി) പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദീകരിക്കുമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.